കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad@kerala.gov.in

## ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

# 2017-18


ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.15/274/2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തിയ്യതി: 19/02/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/aims/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

2)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.എം.പി.എം.15/274/2019 തിയ്യതി: 19/02/2019

## മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2017 മുതൽ 24.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ.അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 24-01-2019 മുതൽ 06-02-2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. പി.സാബു. | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുൾ നാസർ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സന്തോഷ്. പി.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.യൂസഫ്.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. അബ്ദുസലാം ചക്കാലക്കൽ | 01.04.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. കെ ജയൻ | 01.04.2017 മുതൽ 07.05.2017 വരെ & 22.05.2017 മുതൽ 31.03.2018 വരെ |
| | ശ്രീ. ജി സുരേന്ദ്രൻ, അസ്സി.സെക്രട്ടറി (അധികച്ചുമതല) | 08.05.2017 മുതൽ 21.05.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ജി.സുരേന്ദ്രൻ | 01.04.2017 മുതൽ 31.05.2017 വരെ |
| | 01.06.2017 മുതൽ 16.06.2017 വരെ | ഒഴിവ് |
| | ശ്രീമതി.മിനി.കെ.കെ. | 17.06.2017 മുതൽ 17.09.2017 വരെ |
| | ശ്രീമതി.മിനി.ടി.പി. | 18.09.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീ. ബിനീഷ് .എ | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. അരുൺ.ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. പ്രീത.എം ഡി | 01.04.2017 മുതൽ 01.07.2017 വരെ |
| | ശ്രീമതി.ഹണി ഗംഗാധരൻ | 01.07.2017 മുതൽ 08.08.17 FN വരെ |
| | ശ്രീ.അജിതൻ.എൻ. | 08.08.2017 AN മുതൽ 30.10.2017 FN വരെ |
| | ശ്രീമതി.ആരുണി.പി.എസ്. | 30.10.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. അലക്സി. ആർ. | 01.04.2017 മുതൽ 04.07.2017FN വരെ |
| | ഡോ.വിവേക്.വി. | 04.07.2017 ANമുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി .ഷീജ ജോസഫ്. | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ശ്രീ .ശശിധരൻ. പി.കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഹാഷിം.പി. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സമീറ. കെ. | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം II | |

| | | |
|---|---|---|
| വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായി നിർണ്ണയിക്കുന്നു. | 2-1 |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല. | 2-2 |
| 15 | വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-3 |
| 16 | ഡി.&ഒ.ലൈസൻസ് അപാകതകൾ | 2-4 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 17 | വിവിധ ഡെപ്പോസിറ്റ് പദ്ധതികൾക്ക് തുക നൽകിയത് -വിനിയോഗ രേഖകളില്ല- | 3-1 |
| 18 | തുല്യതാ പരീക്ഷയ്ക്ക് പഞ്ചായത്ത് വിഹിതം -ചെലവുരേഖകളില്ല - | 3-2 |
| 19 | ടെൻഡർ നടപടികളില്ലൂടെ നടത്തിയ വാങ്ങലുകളിൽ ആദായ നികുതി ഈടാക്കാത്തത്- | 3-3 |
| 20 | സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ | 3-4 |
| 21 | വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. | 3-5 |
| 22 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-6 |
| 23 | കിടാരി വിതരണം (വനിത) -രേഖകൾ ഹാജരാക്കിയില്ല. | 3-7 |
| 24 | വിദ്യാഭ്യാസ മേഖലയിൽ പ്രോജെക്ടുകൾ നടപ്പിലാക്കുന്നതിൽ വിമുഖത. | 3-8 |
| 25 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ | 3-9 |
| 26 | ഹോണറേറിയം അധികം നൽകി | 3-10 |
| 27 | പൊതു ടാപ്പുകളുടെ എണ്ണം-- സംയുക്ത പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്. | 3-11 |
| 28 | ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ടാം ഗഡു ക്യാഷ് ആയി പിൻവലിച്ചു. തുക | 3-12 |

| | | |
|---|---|---|
| | തിരിച്ചടവാക്കിയില്ല. പെൻഷൻ കോൺട്രിബ്യൂഷൻ തുക പൂർണ്ണമായി അടവാക്കിയില്ല. | |
| 29 | നിർമ്മാണ തൊഴിലാളി ക്ഷേമ നിധി- കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല. | 3-13 |
| 30 | എൻ. ആർ ഇ. ജി.എസ്. - കിണർ റീചാർജിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല. | 3-14 |
| 31 | മഴക്കാല പൂർവ്വ ശുചീകരണം- വാർഡ് ശുചിത്വ സമിതികളിൽ നിന്നും ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 3-15 |
| 32 | ലൈബ്രറി സെസ്സ് ഒടുക്കിയില്ല | 3-16 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ , വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |

| | | |
|---|---|---|
| 44 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 45 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 46 | ബാലൻസ് ഷീറ്റ് | 4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18ലെ ബജറ്റ് പാസാക്കിയ തീരുമാനനമ്പർ, തിയതി | പുതുക്കിയ ബജറ്റ് തീരുമാനനമ്പർ, തിയതി |
|---|---|
| PR No. 1 dated 30.03.2017 | PR No. 1 dated 26.03.2018 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട അവസാന തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച ലഭിച്ച തിയതി |
|---|---|---|---|---|
| 2017-18 | 31.07.2018 | 01.06.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | വാർഷിക ധനകാര്യപത്രിക പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ തിയതി |
|---|---|---|
| 2017-18 | 13-06-2018 മുതൽ 14-06-2018 വരെ | കെ.എസ്.എ എം.പി.എം15/1359/2018 തിയതി 04-07-2018 |

## 1-4 ധനകാര്യ വിശകലനം

ധനകാര്യപത്രിക *(AFS* പ്രകാരമുള്ള വിവരങ്ങൾ*)*

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 9898938.14 |
| വരവ് | 39978271.00 |
| ആകെ | 49877209.14 |
| ചെലവ് | 38820865.00 |

| | |
|---|---|
| നീക്കിയിരിപ്പ് | 11056344.14 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം ( ACR പ്രകാരം)

| ഫണ്ടിനം | OB | വരവ് | ആകെ | ചെലവ് | CB |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 13394000 | 13394000 | 10447507 | 2946493 |
| വികസന ഫണ്ട് എസ്.സി.പി | 0 | 942424 | 942424 | 714460 | 227964 |
| മെയിന്റനൻസ്, റോഡ് | 0 | 4794000 | 4794000 | 1425519 | 3368481 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 3040000 | 3040000 | 2151092 | 888908 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6290247 | 6290247 | 3290307 | 2999940 |
| കെ.എൽ.എസ്.ജി.ഡി.പി. | 0 | 1873202 | 1873202 | 1397211 | 475991 |
| സാക്ഷരത | 95137.4 | 35333 | 130470.4 | 32100 | 98370.4 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 3015972 | 3015972 | 3015972 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 394 | 382023 | 382417 | 381400 | 1017 |
| കാനറ ബാങ്ക് ടോട്ടൽ സാനിറ്റേഷൻ | 275131 | 89956 | 365087 | 75780 | 289307 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.റ്റി. എസ്എസ്എ | 359176 | 13379 | 372555 | 0 | 372555 |
| ക്യാഷ് | 49794 | 41575 | 91369 | 49794 | 41575 |
| തനത് ഫണ്ട് ട്രഷറി | 4549566 | 11012581 | 15562147 | 8470594 | 7091553 |
| തനത് ഫണ്ട്- ബാങ്ക് | 2860186.74 | 3769140 | 6629326.74 | 5547409 | 1081917.74 |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് (ബ്ലോക്ക്) | 0 | 525000 | 525000 | 525000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1709553 | 1667216 | 3376769 | 1296720 | 2080049 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 187 | 51322926 | 90 | 26006738 | 97 | 0 | 48.12 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 394 | 382023 | 382417 | 381400 | 1017 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3015972 | 3015972 | 3015972 | 0 |
| ആകെ | 394 | 3397995 | 3398389 | 3397372 | 1017 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 3720 | 7 |
| കർഷകതൊഴിലാളി വേതനം | 15100 | 51 |
| വിധവാ പെൻഷൻ | 3777000 | 1155 |
| വാർദ്ധക്യകാല പെൻഷൻ | 5705700 | 1698 |
| വികലാംഗ പെൻഷൻ | 1118700 | 347 |
| വിവാഹ ധനസഹായം | 27000 | 9 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള സഹായം | 13200 | 4 |

## **1-9** ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-01-2019 തിയ്യതിയിൽ 10.30 AM ന് നടത്തി. ബാലൻസ് തുക 26552/- രൂപ പരിശോധിച്ച് ബോധ്യപ്പെട്ടു.

## **1-10** ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം ശരിയായി പ്രവർത്തിക്കുന്നില്ലായെന്നാണ് രേഖകളുടെ പരിശോധനയിൽ വ്യക്തമാകുന്നത്. സേവനപുസ്തക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ അപൂർണ്ണമായാണ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷാന്ത്യത്തിൽ നീക്കിയിരുപ്പുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം രേഖപ്പെടുത്തുന്നില്ല. പഞ്ചായത്തിൽ പുതിയ വാഹനം വാങ്ങുന്നതിന് മുൻപ് ഉപയോഗിച്ചിരുന്ന പഴയ വാഹനത്തിന്റെ റിപ്പയർ വിവരങ്ങൾ ഒന്നും തന്നെ റിപ്പയർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സർവ്വീസ് ബുക്ക് രജിസ്റ്ററിൽ സ്ഥലം മാറിപ്പോകുന്ന ജീവനക്കാരുടെ പേരിന് നേരെ ഏത് ഓഫീസിലേക്കാണ് പോയതെന്ന വിവരം രേഖപ്പെടുത്തുന്നില്ല. സർവ്വീസ് ബുക്ക്, ഇൻകുംബൻസി രജിസ്റ്റർ എന്നിവയിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. അഡ്വാൻസ് രജിസ്റ്ററിൽ എല്ലാവിധ അഡ്വാൻസുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ തിരികെ നൽകാൻ അവശേഷിക്കുന്ന തുകയുടെ വർഷം തിരിച്ചുള്ള വിവരം രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററും ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിന്റെ കെട്ടിട നികുതി, ലൈസൻസ് ഫീ തുടങ്ങിയവ കൃത്യമായ രീതിയിൽ ചുമത്തി ഈടാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നതു മൂലം സ്ഥാപനത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. വരുമാനങ്ങളിൽ വസ്തു നികുതി, തൊഴിൽ നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല.

വിവിധ പദ്ധതികളുടെ നടത്തിപ്പിൽ ഫലപ്രദമായി മോണിട്ടറിംഗ് നിർവ്വഹിക്കപ്പെടുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/01/2019 | 12/2018 | 19/01/2019 |
| എ.ജി ഓഡിറ്റ് | 03.03.2011 മുതൽ 14.03.2011വരെ | 2005-06 മുതൽ 2009-10 വരെ | 18.04.2011 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1-അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് ആസ്തി റജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2-വാർഷിക കണക്കുകളോടൊപ്പം ചട്ട പ്രകാരം തയ്യാറാക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചിട്ടുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കിയിട്ടില്ല .

3-വസ്തു നികുതിയിനത്തിൽ മുൻ വർഷ ബാലൻസ് ഷീറ്റ് പ്രകാരം 27,01,224 രൂപ കുടിശ്ശികയുണ്ട്. 8,61,241 രൂപ receipt & payment പത്രികയിലെ RP-43 പ്രകാരം തൻവർഷം കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ കുടിശ്ശികയായി ബാലൻസ് ഷീറ്റിൽ B-15 ഷെഡ്യൂളിൽ (LC ഉൾപ്പെടെ) 179979 രൂപ മാത്രമാണ് കാണിച്ചിട്ടുള്ളത്. വ്യത്യാസത്തിന് കാരണം വിശദമാക്കിയിട്ടില്ല.

4-വസ്തു നികുതി ഡിമാന്റ് റജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5-കെട്ടിട വാടക-ഡിമാന്റ് രജിസ്റ്റർ പ്രകാരം വാടക കുടിശ്ശികയില്ല. എന്നാൽ ബാലൻസ് ഷീറ്റിൽ B-15

ഷെഡ്യൂളിൽ 6545 രൂപ കുടിശ്ശികയായുണ്ട്.

6-തൊഴിൽ നികുതിയിനത്തിൽ മുൻ വർഷ ബാലൻസ് ഷീറ്റ് പ്രകാരം 8760 രൂപ കുടിശ്ശികയാണുള്ളത്. എന്നാൽ receipt & payment പത്രികയിലെ RP-43 പ്രകാരം തൻ വർഷം 13430 രൂപ പിരിച്ചെടുത്തതായി കാണിച്ചിട്ടുണ്ട്.

7-തനത് ഫണ്ട് സൂക്ഷിക്കുന്നതിന് രണ്ട് ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്. ആയത് ക്രമപ്രകാരമല്ല.

8-പണമിടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

9-ഡിപ്രീസിയേഷൻ, കിട്ടാനുള്ളതിൽ സംശയാസ്പദമായ തുകകൾ എന്നിവയ്ക്ക് പ്രൊവിഷൻ വെച്ചിട്ടില്ല.

10-ഡെപ്പോസിറ്റ് റജിസ്റ്റർ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ സൂക്ഷിച്ചിട്ടില്ല.

11-ബാലൻസ് ഷീറ്റ് പ്രകാരം 6100 രൂപ ഇൻവെസ്റ്റ്മെന്റായുണ്ട്. എന്നാൽ 5000 രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്.

12-വി.ഇ.ഒ, അസി. സെക്രട്ടറി എന്നിവർ TR- 7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. വി.ഇ.ഒ ഒഴികെയുള്ള നിർവ്വഹണോദ്യോഗസ്ഥർ സബ്സിഡിയറി റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

13-11-10-2017 ന് താനൂർ ബ്ലോക്ക് പഞ്ചായത്ത് തിരികെ നൽകിയ 140000 രൂപ (IAY -വിഹിതമായി നൽകിയ തുക ) നാളിതു വരെ സർക്കാരിലേക്ക് തിരിച്ചടവാക്കിയിട്ടില്ല.

## 2-1 വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തു നികുതി കുറവായി നിർണ്ണയിക്കുന്നു.

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011ലെ സ.ഉ.(അ)19/2011/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ (100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100 ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 50/- രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്നുള്ളതിനാലാണ് ഇത്തരത്തിൽ ചെറിയ മുറികളായി തിരിച്ചതും ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ളതുമായ വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതെന്നും കരുതുന്നു. എന്നാൽ പ്രസ്തുത ചട്ടത്തിൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയവയാണെന്നും അവയ്ക്ക് 2011ലെ പരാമർശിത ചട്ടങ്ങൾ ബാധകമാക്കുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ നിർദ്ദേശമെന്നും വ്യക്തമാവുന്നതാണ്. ചട്ടം 4(1) ൽ പരാമർശിക്കപ്പെട്ട

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കുന്നതിനും അവയ്ക്ക് കെട്ടിട നമ്പർ നൽകി ഓരോ കെട്ടിടഭാഗത്തിനും ബാധകമായ വസ്തു നികുതി ചുമത്തേണ്ടതിന് 3(5), 5(1), 5(2) ചട്ടങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ ഒരേ തരം ഉപയോഗക്രമത്തിന് ഉപയോഗിക്കുന്ന 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ ചെറിയ തറവിസ്തീർണ്ണമുള്ള മുറികളായി തിരിച്ചു എന്ന ഒറ്റക്കാരണത്താൽ കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചത് മൂലം നികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.നം. | കെട്ടിട നം. | ഉടമയുടെ പേര് | ആകെ തറ വിസ്തീർണ്ണം (m2) |
|---|---|---|---|
| 1 | 3/104B മുതൽ 3/104L വരെ& 3/104 O മുതൽ 3/104 Z വരെ(Pഒഴികെ) (22മുറികൾ), | ശ്രീ.ഷാഫി.ചോലക്കര | 411.96 |
| 2 | 7/441Aമുതൽ 7/441Zവരെ (26മുറികൾ) | സർവശ്രീ.മൂസ,റാഷിദ്,യൂനിസ് | 556.842 |
| 3 | 7/182Aമുതൽ 7/Gവരെ (7മുറികൾ) | ശ്രീ.അബ്ദുൽ ഖാദർ മാടക്കൽ | 172.22 |
| 4 | 7/200Aമുതൽ 7/200 Iവരെ (9മുറികൾ) | ശ്രീ.അബൂബക്കർ മാടക്കൽ | 155.28 |
| 5 | 16/31Aമുതൽ 16/31Xവരെ (I,Rഒഴികെ)22മുറികൾ | ശ്രീ.സലീഷ് ബാബു മുതൽ പേർ | 599.51 |

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ) പ്രകാരം, ഇത്തരത്തിൽ ചെറിയ മുറികളായി തിരിച്ച കെട്ടിടങ്ങളിൽ ചിലതിന് ഉയർന്ന നിരക്കിൽ (100ച.മീ.മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ബാധകമായ) നികുതി നിർണ്ണയിച്ചിട്ടുമുണ്ട്. [ഉദാ.- ശ്രീ.മുഹമ്മദ് ജുനൈദ് പള്ളിയേങ്ങൽ ഹൗസ്, 7/458 G മുതൽ 7/458 J വരെ 4 മുറികൾ (43.89 + 13.91 + 44.39 + 44.39 = 146.58 ച.മീ.) @50/-] കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണെന്ന് വ്യക്തമാണെന്നിരിക്കെ വിവേചനപരമായി നികുതി നിർണ്ണയിക്കുന്നതിനും പ്രസ്തുത ചട്ട ലംഘനം കാരണമായതായി കാണുന്നു.

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.06/31.01.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 3(5), 5(1), 5(2) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ

പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും 2017-18 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

എ).സ്ഥാപന നികുതി ഒടുക്കാത്തത്.

| ക്രമ.നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | MITHS സ്കൂൾ, തലക്കടത്തൂർ | 1st &2nd |
| 2 | ബസ്മല ഇംഗ്ലീഷ് സ്കൂൾ | 1st &2nd |
| 3 | ഗ്രാമ പഞ്ചായത്തിലെ റേഷൻ കടകൾ | 1st &2nd |

ബി). നികുതി ഒടുക്കാത്ത വ്യക്തികൾ

| പേര് | തസ്തിക | സ്ഥാപനം | അർദ്ധ വർഷം | റിമാർക്സ് (1st അർദ്ധ വർഷം ഒടുക്കിയത്) |
|---|---|---|---|---|
| ശ്രീമതി.പ്രീത.എം.ഡി | കൃഷി ഓഫീസർ | കൃഷി ഓഫീസ് | 1st | 01.8.17 ൽ ട്രാൻസ്ഫർ 01.4.17 മുതൽ 01.8.17 വരെ (123 ദിവസം) ജോലി ചെയ്തിട്ടുണ്ട്. |
| ശ്രീ.സുബ്രൻ.എ.എം. | അറ്റന്റന്റ്. | വെറ്ററിനറി ഡിസ്പെൻസറി | 2nd | 1st - 1250/- ട്രാൻസ്ഫർ/മറ്റ് വിവരം രേഖപ്പെടുത്തിയിട്ടില്ല |
| ശ്രീ.ഷാജി.ആർ. | JHI | CHC വളവന്നൂർ | 2nd | 1st - 1250/- ട്രാൻസ്ഫർ/മറ്റ് വിവരം രേഖപ്പെടുത്തിയിട്ടില്ല |
| ശ്രീ.നിസാർ | ജൂനിയർ | GMLP സ്കൂൾ, | 2nd | 3.1.18 ന് ട്രാൻസ്ഫർ. |

| | | | | |
|---|---|---|---|---|
| കാട്ടിപ്പരുത്തി | അറബിക് ടീച്ചർ (FT) | പറപ്പൂത്തടം | | 01.10.17 -3.1.18 വരെ 95ദിവസം ജോലി ചെയ്യു. |
| ശ്രീ.ശശിധരൻ.സി.പി. | - | NMUP സ്കൂൾ, വാണിയന്നൂർ | 2nd | 1st - 1250/- ട്രാൻസ്ഫർ/മറ്റ് വിവരം രേഖപ്പെടുത്തിയിട്ടില്ല |
| ശ്രീമതി.സുമ.എൻ.പ്രഭ. | അസി.മാനേജർ | ഫെഡറൽ ബാങ്ക്, തലക്കടത്തൂർ. | 2nd | 1st - 1250/- ട്രാൻസ്ഫർ/മറ്റ് വിവരം രേഖപ്പെടുത്തിയിട്ടില്ല |
| ലഭ്യമല്ല. | വിവിധം | മാവേലി സ്റ്റോർ, മീശപ്പടി | 1st &2nd | രണ്ട് അർദ്ധ വർഷവും അടവാക്കിയിട്ടില്ല. |
| ലഭ്യമല്ല. | മെഡിക്കൽ ഓഫീസർ | CHC വളവന്നൂർ | 1st & 2nd | തസ്തിക ഒഴിഞ്ഞു കിടക്കുകയാണെന്നോ മറ്റ് ഓഫീസർമാർക്ക് ചുമതലയായിരുന്നോയെന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |
| ലഭ്യമല്ല. | മെഡിക്കൽ ഓഫീസർ | ഗവ.യൂനാനി ഡിസ്പെൻസറി. | 1st | തസ്തിക ഒഴിഞ്ഞു കിടക്കുകയാണെന്നോ മറ്റ് ഓഫീസർമാർക്ക് ചുമതലയായിരുന്നോയെന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |

ഡിമാന്റ് രജിസ്റ്റർ പ്രകാരം ലഭ്യമാകാത്ത വിവരങ്ങളാണ് നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങളും വ്യക്തികളും യഥാർത്ഥത്തിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പഞ്ചായത്ത് പരിധിയിൽ സേവനം ചെയ്യുന്ന കോൺട്രാക്ടർമാർ, എഞ്ചിനീയർമാർ, ഡോക്ടേഴ്സ്, വക്കീലൻമാർ തുടങ്ങിയ പ്രഫഷണൽസിന്റെ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, ജീവനക്കാർ ട്രാൻസ്ഫർ ആയ തീയതി രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ നികുതി ബാധകമാവുന്ന കാലം ജോലി ചെയ്തിട്ടുണ്ടെങ്കിൽ ആയതിനനുസരിച്ച് ചട്ടപ്രകാരം നികുതി ഈടാക്കിയ വിവരം എന്നിവ ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.07/31.01.2019) നൽകി. മറുപടി ലഭ്യമാക്കിയില്ല. നിയമവും ചട്ടവും അനുശാസിക്കും വിധം മേൽ പരാമർശിച്ച വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി

വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

ഡി.ആന്റ് ഒ. രജിസ്റ്റർ പ്രകാരം 164 ട്രേഡിംഗ് സ്ഥാപനങ്ങളുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ, ലഭിക്കുന്ന സ്ഥാപന തൊഴിൽ നികുതി വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. നല്ല തോതിൽ വ്യാപാരം നടക്കുന്ന പ്രമുഖ സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച (GO(P) No.149/2016/LBR dt. 3-9-2016) മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280 രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. ഒരു സ്ഥാപനത്തിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. ആകെയുള്ള 164 സ്ഥാപനങ്ങളിൽ 14 എണ്ണം തൊഴിൽ നികുതി ഡിമാന്റ് രജിസ്ററിൽ ഉൾപ്പെട്ടത് ഒഴിവാക്കിയാൽ ശേഷിക്കുന്ന 150 സ്ഥാപനങ്ങളിലായി 300 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി ഏറ്റവും കുറഞ്ഞത് (300x450x2) 2,70,000/-രൂപ തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായും കാണുന്നില്ല.

പ്രമുഖ വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് പോലും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.07/31.01.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നിയമാനുസൃത മാർഗ്ഗത്തിൽ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ഡി.& ഒ.ലൈസൻസ് അപാകതകൾ

a) സമയക്ലിപ്തത പാലിച്ച് ലൈസൻസ് നേടുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 232(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽപ്പെട്ട യാതൊരു സ്ഥലവും ബന്ധപ്പെട്ട ചട്ടങ്ങളിലെ 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. ചട്ടം 10.പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുമ്പായും, പുതുതായി തുറക്കേണ്ട സ്ഥലങ്ങൾക്കുള്ള ലൈസൻസിനുള്ള അപേക്ഷ അവ തുറക്കുന്നതിന് 30 ദിവസത്തിനു മുമ്പായും സമർപ്പിക്കേണ്ടതാകുന്നു.

ലൈസൻസ് നേടി മാത്രം പ്രവർത്തനം നടത്തേണ്ടത് സംബന്ധിച്ച പരസ്യം പഞ്ചായത്താഫീസിലെ നോട്ടീസ് ബോർഡിലും പഞ്ചായത്തിലെ ഓരോ നിയോജകമണ്ഡലത്തിലേയും പ്രധാനപ്പെട്ട സ്ഥലത്തും പരസ്യം പതിച്ചും ലഘുലേഖകൾ, ഉച്ചഭാഷിണി എന്നിവ വഴിയുള്ള പരസ്യം മുഖേനയും പ്രസിദ്ധപ്പെടുത്താവുന്നതാണ് (ചട്ടം.4). ലൈസൻസിന് വേണ്ടി പരസ്യം പ്രസിദ്ധപ്പെടുത്തി മുപ്പത്

ദിവസത്തിനകം ലൈസൻസിനുള്ള അപേക്ഷ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ് (ചട്ടം.5). എന്നാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വ്യാപാരസ്ഥാപനങ്ങൾ ലൈസൻസ് നേടുന്നതിന് ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള സമയക്ലിപ്തത പാലിക്കുന്നതിൽ ജാഗ്രത കാണിക്കുന്നില്ല. ചട്ടങ്ങൾ പ്രകാരം സാമ്പത്തിക വർഷാരംഭത്തിനു 30 ദിവസം മുമ്പ് (മാർച്ച്-1) ലൈസൻസിനുള്ള അപേക്ഷ നൽകിയിരിക്കണം. ഗ്രാമ പഞ്ചായത്ത് ലൈസൻസ് സംബന്ധിച്ച പരസ്യം (ചട്ടം.4 ) ജനുവരി അവസാന വാരമെങ്കിലും നടത്തിയാൽ മാത്രമാണ് ചട്ടം.5 പ്രകാരം വ്യാപാരികൾ മുതലായവരുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരാൻ സാധ്യമാകുന്നത്.

ഡി.&ഒ.ലൈസൻസ് അനുവദിച്ച 164 സ്ഥാപനങ്ങൾ ആയതിനുവേണ്ടി അപേക്ഷിച്ച വിവരം താഴെ കൊടുക്കുന്നു.

| മാസം | ഏപ്രിൽ 17 | മെയ് 17 | ജൂൺ 17 | ജൂലായ് 17 | ഓഗസ്റ്റ് 17 | സെപ്റ്റം ബർ 17 | ഒക്ടോ ബർ 17 | നവംബർ 17 | ഡിസം ബർ 17 | ജനു വരി 18 | ഫെബ്രു വരി 18 | മാർച്ച് 18 |
|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 24 | 26 | 28 | 12 | 08 | 09 | 03 | 09 | 07 | 09 | 08 | 21 |
| ആകെ | 164 | | | | | | | | | | | |

164 അപേക്ഷകളും സാമ്പത്തിക വർഷം ആരംഭിച്ച ശേഷം മാത്രമാണ് ലഭിച്ചിരിക്കുന്നത്. സാമ്പത്തിക വർഷം ഉടനീളം അപേക്ഷ ലഭിക്കുകയും അവ സ്വീകരിച്ച് ലൈസൻസ് അനുവദിച്ചിട്ടുമുണ്ട്. ചട്ടപ്രകാരം 2017 മാർച്ച് 1-ാം തീയതിക്കു മുമ്പ് അപേക്ഷകൾ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെങ്കിലും ഡി.&ഒ. ലൈസൻസ് രജിസ്റ്റർ പ്രകാരം ഒരു സ്ഥാപനം പോലും ആയത് പാലിച്ചിട്ടില്ല.

ചട്ടം 19, 22 എന്നിവ പ്രകാരം യഥാസമയം അപേക്ഷ സമർപ്പിക്കാത്തവരിൽ നിന്ന് ചട്ടങ്ങളിലെ പട്ടികകൾ പ്രകാരം അംഗീകരിച്ച ഫീസിന്റെ 25% അധികമായി ഈടാക്കേണ്ടതുണ്ട്. ഇത് പ്രകാരം മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ബിലേറ്റഡ് ഫീ ഈടാക്കേണ്ടതാണെങ്കിലും 70 സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. മാത്രമല്ല, ചട്ടങ്ങളുടെ ലംഘനത്തിന് പഞ്ചായത്ത് രാജ് നിയമം 255-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പിഴശിക്ഷ നൽകേണ്ടതാണെന്ന് ചട്ടം 26 നിഷ്കർഷിക്കുന്നുണ്ടെങ്കിലും അപ്രകാരം പിഴശിക്ഷ നൽകിയിട്ടില്ല.

b)റേഷൻ കടകൾ മുതലായവ ലൈസൻസിനു അപേക്ഷിക്കുന്നില്ല.

ലൈസൻസ് ചട്ടങ്ങളിലെ പട്ടിക-1 ഇനങ്ങളുടെ ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയുടെ നടത്തിപ്പിനും ലൈസൻസ് നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് നേടിയത് സംബന്ധിച്ച് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

വ്യാപാരികൾ മുതലായവർ ചട്ടപ്രകാരമുള്ള സമയക്ലിപ്തത പാലിക്കാതെ ലൈസൻസിനു അപേക്ഷിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടും ഇത്തരം പ്രവണത അവസാനിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും റീട്ടെയിൽ റേഷൻ ഡിപ്പോ മുതലായവ ലൈസൻസ് നേടിയാണ് പ്രവർത്തിക്കുന്നതെങ്കിൽ അവയുടെ ലൈസൻസ് വിവരങ്ങളും ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.19/ 05.02.19) നൽകി. മറുപടി ലഭ്യമാക്കിയില്ല.

നിയമവും ചട്ടങ്ങളും അനുശാസിക്കും വിധം മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നുറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ ഡെപ്പോസിറ്റ് പദ്ധതികൾക്ക് തുക നൽകിയത് -വിനിയോഗരേഖകളില്ല-

2017-18 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ, കുഴൽ കിണർ റിപ്പയർ എന്നിവയ്ക്കായി വാട്ടർ അതോറിറ്റി, ഭൂഗർഭ ജല വകുപ്പ് എന്നിവിടങ്ങളിൽ ചുവടെ ചേർക്കും പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രൊ. നം/പേര് | തുക | ബിൽ നം/തീയതി | തുക ലഭിച്ച സ്ഥാപനം. | പരാമർശം |
|---|---|---|---|---|---|
| 1. | 190/18, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 1400000 | 17/17-18, 22-07-17 | A.Ex.E, KWA, നിലമ്പൂർ. | തുകയുടെ വിനിയോഗ രേഖകളും, പദ്ധതി പൂർത്തീകരണ രേഖകളുമില്ല. കരാർ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 2. | 211/18, വിവിധ വാർഡുകളിൽ കുഴൽ കിണർ | 170493 | 18/17-18, 15-01-18 | ജില്ലാ ആഫീസർ, ഭൂഗർഭ ജല വകുപ്പ്, മലപ്പുറം. | തുകയുടെ വിനിയോഗ രേഖകളും, പദ്ധതി പൂർത്തീകരണ രേഖകളുമില്ല. കരാർ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| | ആകെ | 1570493 | | | |

രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി- 2/30-01-2019) 05-02-2019 ൽ ലഭ്യമാക്കിയ മറുപടിയിൽ, KWA, നിലമ്പൂർ ഡിവിഷനിൽ നൽകിയ 1400000/-രൂപയിൽ, 1217881/-രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. വിവിധ വാർഡുകളിൽ കുഴൽ കിണർ റിപ്പയർ ചെയ്യുന്നതിനായി ജില്ലാ ആഫീസർ, ഭൂഗർഭ ജല വകുപ്പ്, മലപ്പുറത്തിന് നൽകിയ തുകയിൽ 7 കുഴൽ കിണറുകളുടെ റിപ്പയറിംഗിനായി 68198/- രൂപ വിനിയോഗിച്ചതായും, ബാക്കിയുള്ള സ്ഥലങ്ങളിലെ കുഴൽ കിണറുകൾ റിപ്പയർ ചെയ്യാൻ വിവിധ കാരണങ്ങളാൽ സാധിക്കാത്തതിനാൽ ബാക്കിയുള്ള 102295/-രൂപ ഉടനെ തന്നെ തിരികെ അടയ്ക്കുന്നതാണെന്ന് ജില്ലാ ആഫീസർ, ഭൂഗർഭ ജല വകുപ്പ് അറിയിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. 68198/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. ടി സാഹചര്യത്തിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത 1502295/-രൂപയുടെ (1400000+102295) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 തുല്യതാ പരീക്ഷയ്ക്ക് പഞ്ചായത്ത് വിഹിതം -ചെലവു രേഖകളില്ല -

പ്രൊജക്ട് നം.- 25/18 (തനതു ഫണ്ട്), അടങ്കൽ – 125000

ചെലവ് - 69750/- ബിൽ നം.51700600/01-01-2018 (വൗച്ചർ നമ്പർ 21700600)

സെക്രട്ടറി നിർവഹണം നടത്തിയ തുല്യതാ പരീക്ഷയ്ക്ക് പഞ്ചായത്ത് വിഹിതം എന്ന പദ്ധതിയ്ക്കായി പഞ്ചായത്ത് പരിധിയിലുള്ള പതിനൊന്നാം തരം തുല്യതാ പരീക്ഷ എഴുതുന്ന 31 പഠിതാക്കളുടെ ഫീസിനത്തിൽ 69750/-രൂപ (ഒരാൾക്ക് 2250/-രൂപ വീതം) മേൽ സൂചിപ്പിച്ച ബിൽ പ്രകാരം പിൻവലിച്ച് കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ തിരുവനന്തപുരം ശാഖയിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. പങ്കെടുക്കുന്ന ഗുണഭോക്താക്കളിൽ നിന്നും " കൃത്യമായി പരീക്ഷയിൽ പങ്കെടുത്തു കൊള്ളാമെന്നും, അല്ലാത്തപക്ഷം എന്റെ പേരിൽ അടയ്ക്കുന്ന തുക പഞ്ചായത്തിൽ തിരികെ ഒടുക്കാമെന്നുമുള്ള" ഒരു സമ്മതപത്രം മാത്രമാണ് വാങ്ങി സൂക്ഷിച്ചിട്ടുള്ളത്. പരീക്ഷയിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ അറ്റൻഡൻസ്, ഹാൾടിക്കറ്റിന്റെ പകർപ്പ്, സർട്ടിഫിക്കറ്റിന്റെ പകർപ്പ് തുടങ്ങിയവയൊന്നും തന്നെയില്ല. കേരള സംസ്ഥാന സാക്ഷരതാ മിഷൻ തുക കൈപ്പറ്റിയതിനും രേഖകളില്ല. ചെലവിനാധാരമായ ടി രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 09/ 01 -02-2019) 05-02-2019 ൽ ലഭ്യമാക്കിയ മറുപടിയിൽ ടി തുകയ്ക്കുള്ള കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് സംസ്ഥാന സാക്ഷരതാമിഷന് കത്തു നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. 19 ഗുണഭോക്താക്കളുടെ ഹാൾടിക്കറ്റിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ട്. ചെലവ് സാധൂകരിക്കുന്നതിനാവശ്യമായ മുഴുവൻ രേഖകളുടെയും അഭാവത്തിൽ, ടി പദ്ധതിയ്ക്കായി ചെലവഴിച്ച 69750/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 ടെൻഡർ നടപടികളിലൂടെ നടത്തിയ വാങ്ങലുകളിൽ ആദായ നികുതി ഈടാക്കാത്തത്-

2017-18 വർഷം സെക്രട്ടറി, അസ്സി. സെക്രട്ടറി എന്നിവർ ടെൻഡർ നടപടികളിലൂടെ വിവിധ പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും നടത്തിയിട്ടുള്ള വാങ്ങലുകൾക്ക് ബില്ലിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പു പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക്, ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. ഇപ്രകാരം ആദായനികുതി ഈടാക്കാത്തതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്-

പ്രൊജക്ട് നം.എസ്സ്. 0191/18

ചെലവ് വിവരം -1) ബിൽ.നം 3/17-18/22.01.2018 – 132500/-

2) ബിൽ.നം 7/17-18/09.03.2018 – 53000/-

2017-18 വർഷം അസ്സി. സെക്രട്ടറി നടപ്പിലാക്കിയ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് എന്ന പദ്ധതി അനുസരിച്ച് തൻവർഷം ഏഴ് വിദ്യാർത്ഥികൾക്ക് Halcyon Tansmission Tecnologies, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽ നിന്നും ലാപ്പ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. ആയതിന് മേൽ രേഖപ്പെടുത്തിയ പ്രകാരം 185500/- രൂപ നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്നും 3710/-രൂപ (185500 x 2%) രൂപ ഈടാക്കേണ്ടതായിരുന്നു.

2. പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ -

പ്രൊജക്ട് നം.എസ്സ്. 0192/18

ചെലവ് വിവരം -1) ബിൽ.നം 04/17-18/22.01.2018 – 80600/-

2) ബിൽ.നം 10/17-18/22.03.2018 – 48360/-

2017-18 വർഷം അസ്സി. സെക്രട്ടറി നടപ്പിലാക്കിയ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതി അനുസരിച്ച് തൻവർഷം 32 ഗുണഭോക്താക്കൾക്ക് ലീഡർ വുഡ് ഇൻഡസ്ട്രീസ്, കുറ്റൂർ നോർത്ത്, എ.ആർ. നഗർ, മലപ്പുറം എന്ന എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ ഒന്നിന് 4030/-രൂപ നിരക്കിൽ വാങ്ങി നൽകിയിട്ടുണ്ട്. ആയതിന് മേൽ രേഖപ്പെടുത്തിയ പ്രകാരം 128960/- രൂപ നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്നും 2579/-രൂപ ( 128960 x 2%) ഈടാക്കേണ്ടതായിരുന്നു.

3.വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ-

പ്രൊജക്ട് നം.എസ്സ്. 0209/18

2017-18 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും നടപ്പിലാക്കിയ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 358 എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ബിൽ നം.37/17-18/28-03-2018 പ്രകാരം 612675/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുകയിൽ 601440/-രൂപ ലൈറ്റുകളുടെ വിലയിനത്തിൽ ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ്, സോപാനം, തൃത്താല റോഡ്, കൂറ്റനാട്, പാലക്കാട് എന്ന സ്ഥാപനത്തിന് നൽകിയതാണ്. ടി സ്ഥാപനത്തിൽ നിന്നും 12028/-രൂപ ( 601440 x 2%) ഈടാക്കേണ്ടതായിരുന്നു. എന്നാൽ ടിയിനത്തിൽ തുകയൊന്നും തന്നെ ഈടാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1.ടി കാലയളവിൽ തെരുവ് വിളക്കിന്റെ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. തന്മൂലം സ്ഥാപിച്ച ലൈറ്റുകളുടെ വിവരം പഞ്ചായത്തിന്റെ രേഖകളിൽ എവിടെയും രേഖപ്പെടുത്തിയിട്ടില്ല.

2.എൽ.ഇ.ഡി വിളക്കുകൾക്ക് സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുള്ള ഗ്യാരണ്ടിയുടെ വിവരവും എങ്ങും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വാങ്ങലുകളിൽ നിന്നായി ആദായനികുതി ഇനത്തിൽ ആകെ 18317/-ബില്ലിൽ കുറവുചെയ്യാതെ നൽകിയതുമൂലം കരാറുകാരന് അധികം നൽകാനിടയായിട്ടുണ്ട്. ഇപ്രകാരം ആദായനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറികൾക്ക് (ഓഡിറ്റ് എൻക്വയറികൾ-20, 21/05-02-2019) മറുപടി ലഭിച്ചിട്ടില്ല. ടി സാഹചര്യത്തിൽ 18317/-രൂപയുടെ ചെലവ് (3710 + 2579 + 12028) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-4 സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ

2017-18 വർഷം സെക്രട്ടറി, അസ്സി.സെക്രട്ടറി തുടങ്ങിയവർ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി, തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ച് വാങ്ങിയതും, സ്ഥാപിച്ചിട്ടുള്ളതും പ്രിന്റ് ചെയ്തതുമായ വിവിധയിനം ഇലക്ട്രിക്/ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ഫോറങ്ങൾ, രജിസ്റ്ററുകൾ, നോട്ടീസുകൾ തുടങ്ങിയവയുടെ സ്റ്റോക്ക് എൻട്രി വരുത്തുന്നതിൽ നിരവധി അപാകതകൾ ഉണ്ട്. അവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.വാങ്ങുന്ന ഉപകരണങ്ങളുടെയും രജിസ്റ്ററുകളുടെയും, അതുപോലെ വിവിധ ആവശ്യങ്ങൾക്കായി പ്രിന്റ് ചെയ്യുന്ന നോട്ടീസ്, പദ്ധതി രേഖകൾ തുടങ്ങിയവയുടെ എല്ലാം തന്നെ ബില്ലുകളിൽ സ്റ്റോക്ക് എൻട്രി നടത്തുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല (രജിസ്റ്റർ നം, പേജ് നം. തുടങ്ങിയവ).

2.വിവിധ ആവശ്യങ്ങൾക്കായി വാങ്ങുന്ന കംപ്യൂട്ടർ ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങളുടെയും, സ്ഥാപിച്ചിട്ടുള്ള ആട്ടോമാറ്റിക് ലൈറ്റുകളുടെയും ഗ്യാരണ്ടി പീരിയഡ് ഉൾപ്പെടെയുള്ള വിവരങ്ങൾ സ്റ്റോക്ക്

രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തന്മൂലം ഗ്യാരണ്ടി പീരിയഡിൽ ഉണ്ടാകുന്ന തകരാറുകൾ, ഇവയുടെ ഗ്യാരണ്ടി സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും, വാങ്ങിയ കാലയളവിൽ ഉണ്ടായിരുന്ന ജീവനക്കാർ സ്ഥലം മാറി പോകുന്നതുൾപ്പെടെയുള്ള കാരണങ്ങളാലും യഥാസമയം പരിഹരിക്കപ്പെടുന്നതിനുള്ള സാധ്യതകൾ ഇല്ലാതാകുന്നു.

3.ബിൽ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ സ്റ്റോക്ക് എൻട്രി പരിശോധിക്കുന്നത് പ്രയാസകരമാണ്.

4.തൻവർഷം വാങ്ങിയ വിവിധയിനം ഇലക്ട്രിക്/ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, സ്റ്റേഷനറികൾ, പ്രിന്റ് ചെയ്ത വിവിധയിനം ഫോറങ്ങൾ, രജിസ്റ്ററുകൾ, നോട്ടീസുകൾ തുടങ്ങിയവ എല്ലാം തന്നെ ഒരേ രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്. കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയ ഇലക്ട്രിക്/ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ ഇനത്തിനും പ്രത്യേകം പേജുകളിലായി രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും, അതുപോലെ തന്നെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി, സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിക്കേണ്ടതുമാണ്.

## 3-5 വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

2017-18 വർഷത്തിൽ വി ഇ ഒ നിർവ്വഹണഉദ്യോഗസ്ഥനായി വികസനഫണ്ട് എസ് സി പി യിൽ നിന്നും പ്രോജെക്ട് നമ്പർ 16/18 ഭവന പുനരുദ്ധാരണം- മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്കായി 50000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ ധനസഹായം | ബിൽ നമ്പർ /തീയതി |
|---|---|---|---|
| 1 | കല്യാണി | 50000 | 5/17-18 തി.27-3-18<br>1/17-18 തി. 21-3-18 |
| 2 | ലക്ഷ്മി | 50000 | 5/17-18 തി.27-3-18<br>2/17-18 തി. 21-3-18 |
| 3 | ശോഭന | 50000 | 5/17-18 തി.27-3-18<br>4/17-18 തി.12-1-18 |
| 4 | അമ്മു | 50000 | 5/17-18 തി.27-3-18<br>4/17-18 തി.12-1-18 |
| | ആകെ | 200000 | |

ഗ്രാമപഞ്ചായത്തിന്റെ 17-3-18 ലെ 1(2) തീരുമാന പ്രകാരം ഗുണഭോക്താക്കൾക്കായി തുക അനുവദിച്ചു. മേൽ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വാല്വേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 4/31-1-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. 2,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

2017-18 വർഷത്തിൽ മെഡിക്കൽ ഓഫീസർ പിഎച്ച്സി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | ലഭ്യമായ മരുന്നുകളുടെ വില | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില | ബിൽ നമ്പർ /തീയതി |
|---|---|---|---|---|---|---|
| 1` | 194/18 | പിഎച്ച്സി യിലേക്ക് മരുന്ന വാങ്ങൽ | 1,00,000 | 96,625 | 3375 | 9/17-18 തി.18-1-18 |
| 2 | 121/18 | പരിരക്ഷ പദ്ധതി | 1,00,000 | 56,000 | 44,000 | 7/17-18 തി.18-1-18 |
| | | ആകെ | | | 47375 | |

ക്രമ നമ്പർ 1 മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽനിന്നും ക്രമ നമ്പർ 2 വികസന ഫണ്ടിൽ നിന്നുമാണ് മരുന്നുകൾ വാങ്ങിയിട്ടുള്ളത്. മരുന്നുകൾ യഥാസമയം ലഭ്യമാകാത്തത് ചികിൽസയ്ക്ക് തടസ്സം ഉണ്ടാക്കുന്നുണ്ട്. മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല. ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില 47375 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് നമ്പർ 10/4-2-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

## 3-7 കിടാരി വിതരണം(വനിത) -രേഖകൾ ഹാജരാക്കിയില്ല.

2017-18 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കിടാരി വിതരണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 1/2018 |
| പ്രോജക്ടിന്റെ പേര് | കിടാരി വിതരണം വനിത |
| അടങ്കൽ | വികസനഫണ്ട്-720000<br>ഗുണഭോക്തൃവിഹിതം-720000 |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | വികസന സ്റ്റാന്റിംഗ് കമ്മിറ്റി 1(1)/14-2-18 |
| ബിൽ നമ്പർ/തീയതി | 4/17-18 തി.26-2-18 - 312000<br>5/17-18 തി.24-3-18 - 296000<br>ആകെ – 608000 രൂപ |

ഒന്നാം ഘട്ടത്തിൽ 34 പേരുടെ അക്കൗണ്ടിലേക്കായി 312000 രൂപയും രണ്ടാം ഘട്ടത്തിൽ 31 പേരുടെ അക്കൗണ്ടിലേക്കായി 296000 രൂപയും ഉൾപ്പടെ 608000 രൂപ കൈമാറിയിട്ടുണ്ട്. കിടാരിയെ വിറ്റയാളുടെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയത്. മേൽ പ്രോജെക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന് സമർപ്പിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ ഫയൽ ക്രമരഹിതവും

ഭാഗികമായി നശിച്ചതും ആവശ്യമായ മുഴുവൻ രേഖകളും ഉൾപ്പെടാത്തതുമാണ്. ലഭ്യമാക്കിയ രേഖകൾ പലതും കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തതുമാണ്. ഗുണഭോക്താക്കളുടെ പൂർണ്ണ വിവരങ്ങൾ (അപേക്ഷ, കരാർ, അനുബന്ധ രേഖകൾ ഉൾപ്പടെ) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നു കാണിച്ച് നമ്പർ 12/4-2-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 2018 ആഗസ്റ്റിൽ ഉണ്ടായ പ്രളയത്തിൽ മൃഗാശുപത്രിയിൽ വെള്ളം കയറുകയും കെട്ടിടത്തിന് സാരമായ കേടുപാടുകൾ സംഭവിക്കുകയും ഫയലുകളും ഉപകരണങ്ങളും നശിക്കുകയും ആയതിന്റെ കൂട്ടത്തിൽ കിടാരി വിതരണത്തിന്റെ ഫയലുകളും ഉൾപ്പെട്ടിട്ടുണ്ട് എന്നു വെറ്ററിനറി സർജൻ മറുപടി നൽകിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 6,08,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 വിദ്യാഭ്യാസ മേഖലയിൽ പ്രോജെക്ടുകൾ നടപ്പിലാക്കുന്നതിൽ വിമുഖത-

2017-18 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി മൂന്ന് പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭ്യമായിട്ടുള്ളത്. അതിൽ ഒരു സ്പിൽഓവർ പ്രോജക്ടും ഉൾപ്പെടുന്നു. ആയതിൽ പ്രോജക്ട് നമ്പർ 199/18 സ്കൂളുകൾക്ക് ഗ്രീൻ ബോർഡ് വാങ്ങൽ എന്ന പ്രോജക്ട് മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. ആയതിന് 26760 രൂപ ചെലവ് വന്നിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ തുക വകയിരുത്തുവാനും സർക്കാർ മാർഗ്ഗരേഖ പാലിച്ചുകൊണ്ട് വൈവിധ്യമാർന്ന പ്രോജക്ടുകൾ നടപ്പിലാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ 122 പ്രൊജക്ടുകളായിരുന്നു തൻവർഷത്തേക്ക് അംഗീകാരം വാങ്ങിയിരുന്നത്. ആയതിൽ 32 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. (26% മാത്രം).

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | പുതിയ പ്രൊജക്ടുകൾ | സ്പിൽഓവർ പ്രൊജക്ടുകൾ | ആകെ പ്രൊജക്ടുകൾ |
|---|---|---|---|
| അംഗീകരിച്ച പ്രൊജക്ടുൾ | 72 | 50 | 122 |
| നടപ്പാക്കിയവ | 7 | 25 | 32 |
| നടപ്പാക്കാത്തവ | 65 | 25 | 90 |

പ്രൊജക്ട് നിർവ്വഹണം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വാർഷിക പദ്ധതിയുടെ 53% ഫണ്ടും വകയിരുത്തിയിരുന്നത് അസി. എഞ്ചിനീയറുടെ പ്രൊജക്ടുകൾക്കായിരുന്നു. എന്നാൽ മൊത്തം വാർഷിക ചെലവിന്റെ 23% മാത്രമാണ് അസി. എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണത്തിലൂടെ സാധിച്ചിട്ടുള്ളത്. 2,72,19,131 രൂപ അടങ്കൽ നിശ്ചയിച്ച പ്രൊജക്ടുകളിൽ 61,11,537 രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് അസി. എഞ്ചിനീയർക്ക് പൂർത്തീകരിക്കാനായത്. (22% മാത്രം). വളരെയധികം പ്രൊജക്ടുകൾ തയ്യാറാക്കുകയും ഭൂരിഭാഗവും നടപ്പാക്കാതിരിക്കുകയും ചെയ്യുന്നത് മൂലം പ്രൊജക്ട് തയ്യാറാക്കുന്നതിലൂടെ ആ പ്രദേശത്തെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം നിറവേറ്റപ്പെടാതിരിക്കുന്നതിനും പ്രൊജക്ട് തയ്യാറാക്കുന്നതിന് പുറകിലുള്ള മനുഷ്യാധ്വാനവും ഫണ്ടും പാഴാകുന്നതിനും കാരണമാകുന്നു. ഓരോ വർഷത്തേക്കും അംഗീകാരം വാങ്ങുന്ന പ്രൊജക്ടുകൾ അതത് വർഷത്തിൽ തന്നെ പൂർത്തീകരിക്കാതിരിക്കുന്നത് സ്പിൽഓവർ പ്രൊജക്ടുകൾ പെരുകുന്നതിനും കാരണമാകുന്നു.

വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയ 25 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

2. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. നിർവ്വഹണോദ്യോഗസ്ഥൻ പ്രൊജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.

പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

4. റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നു.

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗ തലത്തിൽ വരുത്താനായില്ല.

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര പരിധിയിൽ വരുന്ന റോഡുകൾ ഹൈവേയോടും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ കേന്ദ്രങ്ങളിൽ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ (ശൃംഖല) തയ്യാറാക്കാൻ പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ കണക്ടിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ഘടകവും ഉൾക്കൊള്ളിക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കിയ മാസ്റ്റർ പ്ലാനിനെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. എന്നാൽ സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിട്ടും ഗ്രാമ പഞ്ചായത്ത് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. കണക്ടിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്തിൽ റോഡ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചിരുന്നത് എന്തടിസ്ഥാനത്തിലായിരുന്നു എന്ന് വ്യക്തമല്ല. എഞ്ചിനീയറിംഗ് സ്ഥാപന മേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശ ഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതുമാണ്.

## 3-10 <u>ഹോണറേറിയം അധികം നൽകി</u>

2017-18 വർഷത്തിൽ ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണഉദ്യോഗസ്ഥനായി തനത് ഫണ്ടിൽ നിന്നും അംഗനവാടി ഹെൽപ്പർമാർക്ക് ഹോണറേറിയം നൽകിയിട്ടുണ്ട്. (ചെക്ക് നമ്പർ 2244130/26-10-17, 243631 രൂപ) അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീമതി ദേവയാനി.വി ക്ക് ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ അർഹതപ്പെട്ട ഹോണറേറിയം 3392 രൂപയാണ്. എന്നാൽ ബിൽ പ്രകാരം 5747 രൂപ ടിയാരിക്ക് നൽകിയിട്ടുണ്ട്. അധികം നൽകിയ ഹോണറേറിയം 2355 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 22/6-2-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

## 3-11 പൊതു ടാപ്പുകളുടെ എണ്ണം-- സംയുക്ത പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്.

ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി കേരള വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള 89 പൊതു ടാപ്പുകൾ പ്രവൃത്തിക്കുന്നതായി 9-11-2016 ന് നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുകയും ആയതിന്റയടിസ്ഥാനത്തിൽ വെള്ളക്കരം അടവാക്കി വരുന്നുമുണ്ട്. ഓഡിറ്റ് വർഷത്തിൽ പ്രതിമാസം 38938 രൂപ നിരക്കിൽ വെള്ളക്കരം അടവാക്കിയിട്ടുണ്ട്. (ആകെ- 38938x 12= 467256 രൂപ)

സംയുക്ത പരിശോധന നടത്തിയിട്ട് രണ്ട് വർഷം കഴിഞ്ഞ സാഹചര്യത്തിൽ വെള്ളക്കരം അടവാക്കുന്ന 89 ടാപ്പുകളും നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന വിവരം ഗ്രാമ പഞ്ചായത്തിന് ഉറപ്പ് വരുത്താനായിട്ടില്ല. സംയുക്ത പരിശോധന നടത്തുന്നതിന് ഗ്രാമ പഞ്ചായത്ത് 12-6-2018 ന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും അനുകൂലമായ മറുപടിയൊന്നും വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ല.

ഇക്കാര്യത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് വീണ്ടും കത്ത് നൽകേണ്ടതും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതും അതിനനുസൃതമായി വെള്ളക്കരം ക്രമീകരിക്കേണ്ടതുമാണ്.

## 3-12 ശമ്പള പരിഷ്കരണ കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

ജി.ഒ (പി)നം.7/2016/ഫിൻ തീയ്യതി. 20.1.2016 നമ്പർ ഉത്തരവ് പ്രകാരം I.7.2014 മുതൽ പ്രാബല്യത്തിൽ ശമ്പളം പരിഷ്കരിച്ചതിനെ തുടർന്ന് ജീവനക്കാർക്ക് അർഹമായ I.7.2014 മുതൽ 1.1.2016 വരെയുള്ള ശമ്പള കുടിശ്ശിക നാല് ഗഡുക്കളായി, 01.04.2017, 01.10.2017, 01.04.2018 , 01.10.2018 തീയ്യതികളിൽ, പണമായി ജീവനക്കാർക്ക് നൽകുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു.

അതിന്റെയടിസ്ഥാനത്തിൽ രണ്ടാം ഗഡു കൈപ്പറ്റിയ ജീവനക്കാരിൽ, താഴെ കൊടുത്തിട്ടുള്ള ജീവനക്കാർ കൈപ്പറ്റിയ ശമ്പള പരിഷ്കരണ കുടിശ്ശികക്ക് ആനുപാതികമായ നിരക്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.

| വൗച്ചർ നമ്പർ | ജീവനക്കാരുടെ പേര് | കുടിശ്ശിക കൈപ്പറ്റിയ കാലയളവ് | കുടിശ്ശിക തുക | ആനുപാതികമായ പെൻഷൻ അംശദാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 21700232/ 1-7-17 | രമ്യ, ആർ. സീനിയർ ക്ലാർക്ക് | 1-7- 2014 - 31-1-16 (ഒന്നാം ഗഡു) | 8147 | 1222 |
| 21700303/ 16-8-17 | ടി.കെ.ബാബു, മുൻ സെക്രട്ടറി | ,, | 23284 | 3493 |
| 21700304/ 16-8-17 | അബ്ദുൽ മുനീർ. എം.പി. സീനിയർ ക്ലാർക്ക് | ,, | 13831 | 2075 |
| 21700411/ 6-10-2017 194153 രൂപ | സിദ്ദീഖ്. വി, ക്ലാർക്ക് | ,, | 11380 | 1707 |
| 21700577/ 18-12-17 61376 രൂപ | അബ്ദുൽ മുനീർ. എം.പി, സീനിയർ ക്ലാർക്ക് | ,, രണ്ടാം ഗഡു | 13831 | 2075 |
| | രമ്യ, ആർ. സീനിയർ ക്ലാർക്ക് | ,, | 8147 | 1222 |
| 21700646/ 12-1-2018 26323 രൂപ | ടി. കെ. ബാബു, മുൻ സെക്രട്ടറി | ,, | 23284 | 3493 |

ആകെ- 15287 രൂപ

പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കാൻ അവശേഷിക്കുന്ന 15287 രൂപ ടി-ഹെഡിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-13 നിർമ്മാണ തൊഴിലാളി ക്ഷേമ നിധി- കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും

വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നായി 61,115 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം ഈടാക്കി തനത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല. ഭാവിയിൽ കളക്ഷൻ ചാർജ്ജ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 എൻ.ആർ.ഇ.ജി.എസ്. - കിണർ റീചാർജിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല.

സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. സ.ഉ (കൈ) നം.161/16/തസ്വഭവ തീ.09.11.16-പ്രകാരം ജലസുരക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിൽ ഭരണസമിതി അംഗീകരിച്ച ആക്ഷൻ പ്ലാനിൽ കിണർ റീചാർജിംഗ് പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും കിണർ റീചാർജിംഗ് പ്രവൃത്തികളൊന്നും നാളിതു വരെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടില്ല. (100 വീടുകളിൽ റീചാർജിംഗ് പ്രവൃത്തി ചെയ്യുന്നതിനായി 800000 രൂപ അടങ്കൽ നിശ്ചയിച്ച് ആക്ഷൻ പ്ലാൻ അംഗികരിച്ചിട്ടുണ്ട്. (ഭരണ സമിതിയുടെ 3-1-2018 ലെ 2(1) നമ്പർ തീരുമാനം). ഗ്രാമ പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം ഉണ്ടാകുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി 6 ലക്ഷത്തിലധികം രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. (പ്രൊജക്ട് നമ്പർ-97/18) ജലസുരക്ഷ പദ്ധതികളുടെ പ്രസക്തി ഇതിൽ നിന്നും വ്യക്തമാണ്. കിണർ റീചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, രൂക്ഷമായ ശുദ്ധ ജലക്ഷാമം പരിഹരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. സ്റ്റാൻറിംഗ് കമ്മിറ്റികളുടെ നേതൃപരമായ പങ്കും സമയോചിത ഇടപെടലും ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

## 3-15 മഴക്കാല പൂർവ്വ ശുചീകരണം- വാർഡ് ശുചിത്വ സമിതികളിൽ നിന്നും ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

വർഷകാലത്തുള്ള പകർച്ചപ്പനി തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ അടിയന്തിരമായി ചെയ്യുന്നതിന് ശുചിത്വ മിഷൻ ഫണ്ട് 66602 രൂപ വൗച്ചർ നമ്പർ- 21700236/ 7-7-2017 പ്രകാരവും ഓരോ വാർഡിലേക്കും തനത്ഫണ്ട് 5000 രൂപ വീതം 18 വാർഡുകൾക്ക് മൊത്തം 90000 രൂപ വൗച്ചർ നമ്പർ- 21700240/7-7-2017 പ്രകാരവും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് ശുചിത്വ സമിതികൾക്ക് കൈമാറിയിട്ടുണ്ട്. സർക്കാരിന്റെ 16-3-2017 ലെ 127/ 2017/ ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ 2017- ജൂൺ- 30 ന് മുമ്പ് തുക ചെലവഴിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ തുക സർക്കാർ നിർദ്ദേശിച്ച കാലയളവിൽ ശുചീകരണത്തിന് ചെലവഴിച്ചതായുള്ള ചെലവ് രേഖകൾ ബന്ധപ്പെട്ട വാർഡ് ശുചിത്വ സമിതികളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

കൈപറ്റിയ തുക വിനിയോഗിച്ചതിന്റെ ചെലവ് രേഖകൾ 18/4-2-2019 ാം നമ്പർ ഓഡിറ്റ് എൻക്വയറി യിലൂടെ ആവശ്യപ്പെട്ടിട്ടും ബന്ധപ്പെട്ട ശുചിത്വ സമിതികളിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1,56,602 രൂപ തടസ്സം ചെയ്യുന്നു.

## 3-16 ലൈബ്രറി സെസ്സ് ഒടുക്കിയില്ല

20-09-2005 -ലെ സർക്കുലർ നമ്പർ 10088/എൽ3/05/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടവാക്കണം. ആദ്യഗഡു ഏപ്രിൽ 30 – നകവും രണ്ടാമത്തെ ഗഡു നവംബർ 30 – നകവുമാണ് അടവാക്കേണ്ടത്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ലഡ്ജർ പ്രകാരം 31-03-2018 ൽ 331176/-രൂപ അടയ്ക്കുവാൻ ബാക്കിയുണ്ട്. ആയത് യഥാസമയം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും, അല്ലാത്തപക്ഷം യഥാസമയം ഒടുക്കാതിരുന്നതിന് വിശദീകരണവും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-23/06-02-2019) മറുപടി ലഭിച്ചിട്ടില്ല. ടി തുക യഥാസമയം ഒടുക്കുവരുത്തേണ്ടതും, ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര്/നമ്പർ | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ - 112 | 100000/- | 100000/- | ഇല്ല | - |
| ബ്ലോക്ക് പഞ്ചായത്ത് | നെൽകൃഷി വികസനം - 2 | 425000/- | 425000/- | ഇല്ല | |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം.17/17-18, തീയതി- 15/01/2018 | 1400000 | 1217881 | പൂർത്തീകരണ രേഖകൾ ലഭിച്ചിട്ടില്ല. | 182119 |

| | | | | | | |
|---|---|---|---|---|---|---|
| ഭൂഗർഭ ജല വകുപ്പ്. | കുഴൽ കിണർ റിപ്പയർ | ബിൽ നം.18/17-18, തീയതി- 15/01/2018 | 170493 | 68198 | പൂർത്തീക രിച്ചിട്ടില്ല. | ബാക്കി തുക തിരികെ അടയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ട്. |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6100 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 6100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സൊസൈറ്റിയിൽ ഷെയർ) | 6100 |

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 33, 34, 35, 36 | 2003-04 | മറ്റ് പരാമർശങ്ങൾ | റോഡ് പുനരുദ്ധാരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 44 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 143.75 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 143.75 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 45 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 4453 | 202/- 46208/9 9.11.04 | ഇല്ല | ഇല്ല | ഇല്ല | 202 | 4251 | |
| | | 46 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 1422 | 247/- 46208/9 9.11.04 | ഇല്ല | ഇല്ല | ഇല്ല | 247 | 1175 | |
| | | 47 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 | 1820 | 300/- 46280/94 19.08.05 | ഇല്ല | ഇല്ല | ഇല്ല | 300 | 1520 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 24.07.2001 | | | | | | | | | |
| | | 53 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 2015 | 29/- 47529/63 9.08.06 | ഇല്ല | ഇല്ല | ഇല്ല | 29 | 1986 | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39978271.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38820865.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2355-00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,02339 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 2,355 | ശ്രീമതി .ഷീജ ജോസഫ്., ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 15,02,295.00 | ശ്രീ. കെ ജയൻ, സെക്രട്ടറി |
| 3-2 | 69,750.00 | ശ്രീ. കെ ജയൻ, സെക്രട്ടറി |
| 3-3 | 18,317.00 | ശ്രീ. കെ ജയൻ, സെക്രട്ടറി – 12028/- രൂപ ശ്രീമതി.മിനി.ടി.പി., അസിസ്റ്റന്റ് സെക്രട്ടറി – 6289/- രൂപ |
| 3-5 | 2,00,000.00 | ശ്രീ. അരുൺ.ആർ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-6 | 47,375.00 | ഡോ.ഹാഷിം.പി., മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-7 | 6,08,000.00 | ഡോ. വിവേക്.വി, വെറ്റിനറി സർജ്ജൻ |
| 3-15 | 1,56,602.00 | ശ്രീ. കെ ജയൻ, സെക്രട്ടറി |
| ആകെ | 26,02,339 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 18,317-00 | ശ്രീ. കെ ജയൻ, സെക്രട്ടറി |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി .ഷീജ ജോസഫ്., ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചെറുകാവ് ഗ്രാമ പഞ്ചായത്ത്. | ദാസ് നിവാസ്, പടിഞ്ഞാറെപുരക്കൽ, വെളിമുക്ക്സൗത്ത്.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.15/444/98 /7.10.2010 | 5 | |
| 1997-98 | എൽ.എഫ്.എം.15/622/02 /7.10.2010 | 16 | |
| 1998-99 | എൽ.എഫ്.എം.15/740/04 /7.10.2010 | 33 | |
| 1999-00 | എൽ.എഫ്.എം.8/850/04 /7.10.2010 | 19 | |
| 2000-01 | എൽ.എഫ്.എം.15/894/04/ 7.10.2010 | 27 | |
| 2001-02 (വരവ്) | എൽ.എഫ്.എം.15/1489/08 /7.10.2010 | 13 | |
| 2001-02 (ചെലവ്) | എൽ.എഫ്.എം.11/1489/08 /7.10.2010 | 2 | |
| 2002-03 | എൽ.എഫ്.എം.15/140/08/7.10.2010 | 8 | |
| 2003-04 | എൽ.എഫ്.എം.11/141/08/ 7.10.2010 | 11 | |
| 2004-05 | എൽ.എഫ്.എം.11/409/09/ 22.10.2011 | 11 | |
| 2005-06 | എൽ.എഫ്.എം.11/100/10/ 20.8.2010 | 9 | |
| 2006-07 | എൽ.എഫ്.എം.11/101/10/ 20.8.2010 | 11 | |
| 2007-08 | എൽ.എഫ്.എം.15/478/11/ 11.07.2011 | 22 | |
| 2008-09 | എൽ.എഫ്.എം.15/1179/11/06.08.2011 | 27 | |
| 2009-2010, 2010-2011 | എൽ.എഫ്.എം.15/1480/13/13.12.2013 | 26 | |

| | | | |
|---|---|---|---|
| 2011-13 | കെ. എസ്. എ. എം. പി. എം.15/94/2016/ 02.03.2016 | 9 | |
| 2013-14 , 2014-15 | കെ.എസ്.എ. എം. പി.എം.15/2013/2016/ 3.8.2016 | 8 | |
| 2015-16 | കെ.എസ്.എ.എം.പി.എം.15/3400 / 2016/ 25.01.2017 | 12 | |
| 2016-17 | കെ.എസ്.എ.എം.പി.എം.15/2034 / 2017/ 19.07.2018 | 17 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

എൽ. 2/19

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.15/274/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951
തീയ്യതി 19-02-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്